**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5049** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ചരക്കു ഗതാഗതത്തിനും ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും ആവശ്യമായ ഹൈഡ്രോഗ്രാഫിക് ഡാറ്റ ശേഖരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. തുറമുഖങ്ങളുടെ വികസനത്തിനും, ജലപാതകൾ സ്ഥാപിക്കുന്നതിനുമുള്ള ജലപര്യവേക്ഷണങ്ങൾ, ജലാശയങ്ങളുടെ അടിത്തട്ടിനെപ്പറ്റി അറിയുന്നതിനുമുള്ള സർവ്വേകൾ, ജലപാതകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് മുൻപും പിൻപുമുള്ള സർവ്വേകൾ ബാത്തിമെടിക് സർവ്വേകൾ എന്നിവയാണ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങൾ. |
| (ബി) | പ്രധാനമായും ഏതൊക്കെ ആവശ്യങ്ങൾക്കുള്ള വിവരങ്ങൾ കണ്ടെത്തുന്നതിനാണ് പ്രസ്തുത വിംഗ് സർവ്വേകൾ നടത്തുന്നത്; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. തുറമുഖങ്ങളുടെ വികസനത്തിനും, ജലപാതകൾ സ്ഥാപിക്കുന്നതിനുമുള്ള ജലപര്യവേക്ഷണങ്ങൾ, ജലാശയങ്ങളുടെ അടിത്തട്ടിനെപ്പറ്റി അറിയുന്നതിനുമുള്ള സർവ്വേകൾ, ജലപാതകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് മുൻപും പിൻപുമുള്ള സർവ്വേകൾ ബാത്തിമെടിക് സർവ്വേകൾ എന്നിവയാണ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങൾ. |
| (സി) | ഹൈഡ്രോഗ്രാഫിക്ക് കോഴ്സുകൾ നടത്തുന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കോഴ്സിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്റെ അംഗീകാരമുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ നേതൃത്വത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് (KIHAS) എന്ന സ്ഥാപനം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) ക്യാമ്പസിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിന് KUFOS ന്റെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ അവരുമായി ഒരു ധാരണാപത്രത്തിൽ ഏർപ്പെട്ട് കോഴ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ